# കേരള നിയമസഭ
## 04.10.2011-ലെ മറുപടിക്ക്

<u>സോമില്ലുകൾക്ക് എൻ.ഒ.സി</u>

1864 ശ്രീ. എ.എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തടിയധിഷ്ഠിത വ്യവസായങ്ങൾ നടത്തുന്നതിനായി 2002 ന് മുമ്പ് (പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ) ലൈസൻസ് ലഭിച്ചിട്ടുള്ളവർക്ക് "നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ്" നൽകുവാൻ ബഹു. കേരള ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഏതു ദിവസംവരെ ലഭിച്ച അപേക്ഷകളിൽ എൻ.ഒ.സി. നൽകി;

(സി) 2011 ഏപ്രിൽ മാസത്തിൽ തിരുവനന്തപുരം ജില്ലയിലെ ഏതെല്ലാം സോമില്ലുകളിൽ നിന്ന് അപേക്ഷ ലഭിച്ചു;

(ഡി) എൻ.ഒ.സി നൽകാൻ ഏതൊക്കെ സോമില്ലുകളുടെ അപേക്ഷകളാണ് പരിഗണനയിലുള്ളത്; അവയ്ക്ക് എപ്പോൾ എൻ.ഒ.സി നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത എൻ.ഒ.സി ലഭ്യമാക്കാത്തതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സോമില്ലുകൾക്ക് 2011-2012 ലെ ലൈസൻസ് പുതുക്കി നൽകുന്നില്ല എന്നത് പരിഗണിച്ച് എൻ.ഒ.സി. ലഭ്യമാക്കുന്നതിനായി അടിയന്തിര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 04.10.2011-ലെ മറുപടിക്ക്

ഇ. എഫ്. എൽ. നിയമപ്രകാരം ഏറ്റെടുത്ത കൃഷിഭൂമി

1865 ശ്രീ. സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇ. എഫ്. എൽ. നിയമപ്രകാരം സർക്കാർ ഏറ്റെടുത്ത കൃഷിഭൂമി ഉടമകളായ കർഷകർക്ക് തിരികെ നൽകാൻ ഉദ്ദേശമുണ്ടോ;

(ബി) ഇ. എഫ്. എൽ നിയമം ലംഘിച്ച് കർഷകരിൽനിന്ന് ഏറ്റെടുത്ത കൃഷിഭൂമി, വനഭൂമി ഏറ്റെടുക്കൽ നിയമത്തിലെ വ്യവസ്ഥകൾ പാലിക്കാതെ ഏറ്റെടുത്ത കൃഷിഭൂമി എന്നിവ തിരികെ നൽകാൻ ഉദ്ദേശമുണ്ടോ; എങ്കിൽ അത് എന്ന് നൽകാൻ കഴിയും; അതിന് എന്തെങ്കിലും നടപടികൾ ആരംഭിച്ചിട്ടുണ്ടോ ;

(സി) പ്രസ്തുത നിയമപ്രകാരം എത്രപേരുടെ എത്ര ഹെക്ടർ ഭൂമി ഏറ്റെടുത്തിട്ടുണ്ട്; അതിൽ കൃഷിഭൂമി, വനം വനേതരഭൂമി എന്നിവയുടെ വിസ്ത്രൃതി എത്ര; അവയിൽ ഉടമസ്ഥർക്ക് ഭൂമി തിരികെ നൽകിയിട്ടുണ്ടോ; എങ്കിൽ ഏത് ഇനം, എത്ര അളവിൽ, ആർക്കെല്ലാം എന്ന് വ്യക്തമാക്കുമോ;

(ഡി) എത്ര ഏക്കർ വരെയുള്ള ഭൂമിയാണ് തിരികെ നൽകാൻ നിശ്ചയിച്ചിട്ടുള്ളത്; വ്യവസ്ഥ ലംഘിച്ച് ഏറ്റെടുത്ത കൃഷിഭൂമി തിരികെ നൽകാൻ നടപടി സ്വീകരിക്കുമോ;

(ഇ) ഏറ്റെടുക്കാൻ പാടില്ല എന്ന് വ്യവസ്ഥ ചെയ്യപ്പെട്ടിട്ടുള്ള നികുതി അടച്ച് പരിപാലിച്ച്, കൃഷിചെയ്ത് വന്നിരുന്ന ഭൂമി നിയമവിരുദ്ധമായി ഇ. എഫ്. എൽ. ഭൂമി എന്ന് രേഖപ്പെടുത്തി കഴിഞ്ഞ സർക്കാർ പിടിച്ചെടുത്തിട്ടുണ്ടെങ്കിൽ അത് തിരികെ നൽകാൻ ഉദ്ദേശമുണ്ടോ; എങ്കിൽ എപ്പോൾ നൽകും ;ഇല്ലെങ്കിൽ നൽകാൻ നടപടി സ്വീകരിക്കുമോ;

(എഫ്) പ്രസ്തുത നിയമപ്രകാരം ഏറ്റെടുത്ത ഭൂമി സംബന്ധിച്ച് എത്ര കേസുകൾ നിലവിലുണ്ട്; അത്തരം കേസുകളിൽ നിയമവിരുദ്ധമായി പിടിച്ചെടുത്ത ഭൂമി സംബന്ധിച്ച കേസുകളിന്മേൽ ഈ സർക്കാരിന്റെ സമീപനമെന്താണ്; ഇത്തരം കേസുകളിൽ കർഷകർക്ക് അനുകൂലമായ നിലപാട് സ്വീകരിക്കുവാൻ ഉദ്ദേശ്യമുണ്ടോ?

# കേരള നിയമസഭ
## 04.10.2011-ലെ മറുപടിക്ക്

<u>തോട്ടങ്ങളുടെ പാട്ടക്കുടിശ്ശിക</u>

1866

ശ്രീ. സി. കെ. നാണു
,, മാത്യൂ ടി. തോമസ്
,, ജോസ് തെറ്റയിൽ
ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പ് വക എത്ര തോട്ടങ്ങളുടെ പാട്ടക്കുടിശ്ശികയാണ് ലഭിക്കുവാനുള്ളത്;

(ബി) തോട്ടങ്ങളുടെ പേരുവിവരങ്ങളും പിരിഞ്ഞുകിട്ടാനുള്ള തുകയുടെ വിശദാംശങ്ങളും സഭയുടെ മേശപ്പുറത്ത് വയ്ക്കാമോ;

(സി) തുക പിരിച്ചെടുക്കുവാൻ എന്തു നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
## 04.10.2011-ലെ മറുപടിക്ക്

<u>പാട്ടവ്യവസ്ഥ ലംഘിച്ചതിന് നെല്ലിയാമ്പതിയിൽ ഏറ്റെടുത്ത ഭൂമി</u>

1867 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാട്ടവ്യവസ്ഥ ലംഘിച്ചതിന് നെല്ലിയാമ്പതിയിൽ എത്ര ഏക്കർ ഭൂമി ഏറ്റെടുത്തിട്ടുണ്ട്;

(ബി) അവിടങ്ങളിലെ തൊഴിലാളികളുടെ തൊഴിൽ സംരക്ഷിക്കാൻ നടപടി എടുത്തിട്ടുണ്ടോ;

(സി) ഏറ്റെടുത്ത എസ്റ്റേറ്റുകളിൽ എത്ര തൊഴിലാളികളാണ് തൊഴിൽ ചെയ്തിരുന്നതെന്നു വിശദമാക്കാമോ?

# കേരള നിയമസഭ
# 04.10.2011-ലെ മറുപടിക്ക്

<u>അനധികൃത മരംമുറിക്കൽ</u>

1868 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം എവിടെയെങ്കിലും അനധികൃതമായി മരം മുറിച്ചു കടത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എവിടെയെല്ലാമാണെന്നും കേസുകളുടെ വിശദാംശങ്ങളും വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 04.10.2011-ലെ മറുപടിക്ക്

<u>ചന്ദനവനങ്ങളുടെ സംരക്ഷണം</u>

1869 ശ്രീ. റ്റി.യു. കുരുവിള
,, മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചന്ദന മാഫിയ, വനം മാഫിയ എന്നിവക്കെതിരെ എന്തെല്ലാം ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം വനപാലകരെ ആക്രമിച്ചതുമായി ബന്ധപ്പെട്ട് ഏതെങ്കിലും കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) ചന്ദന മോഷണം തടയുന്നതിനും ചന്ദനവനങ്ങൾ സംരക്ഷിക്കുന്നതിനും കൈക്കൊണ്ടിട്ടുളള നടപടികൾ വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 04.10.2011-ലെ മറുപടിക്ക്

<u>വന്യമൃഗങ്ങൾ കൃഷി നശിപ്പിക്കുന്നത് തടയാൻ നടപടി</u>

1870

ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യത്തിന്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

വയനാട്ടിൽ വനമേഖലയോടു ചേർന്ന പ്രദേശങ്ങളിൽ വന്യമൃഗങ്ങളുടെ ആക്രമണം മൂലം കൃഷിനാശം സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു തടയുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

# കേരള നിയമസഭ
# 04.10.2011-ലെ മറുപടിക്ക്

<u>വന്യമൃഗങ്ങളുടെ ആക്രമണത്തിന് വിധേയരായവർക്കുള്ള ധനസഹായം</u>

1871 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യത്തിന്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

വന്യമൃഗങ്ങളുടെ ആക്രമണത്താൽ വിളകളും സ്വത്തും നഷ്ടപ്പെടുന്നവർക്കുള്ള ധനസഹായം വർഷത്തിൽ ഒരിക്കൽ മാത്രം നൽകുന്ന രീതി മാറ്റി സ്വത്തുനാശം ഉണ്ടായാൽ അപ്പോൾ തന്നെ ധനസഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 04.10.2011-ലെ മറുപടിക്ക്

<u>അങ്കമാലി മണ്ഡലത്തിലെ വന്യമൃഗശല്യം</u>

1872 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി അയ്യംപുഴ, മൂക്കന്നൂർ, മലയാറ്റൂർ-നീലീശ്വരം പഞ്ചായത്തുകളിൽ വർദ്ധിച്ചുവരുന്ന കാട്ടാനകളുടേയും വന്യമൃഗങ്ങളുടേയും ആക്രമണം മൂലം ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണി നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പഞ്ചായത്തുകൾ ഉൾക്കൊള്ളുന്ന അതിരപ്പള്ളി(വാഴച്ചാൽ)/മലയാറ്റൂർ ഡിവിഷനുകളെ കൂടി ദ്രുതകർമ്മ സേനയുടെ പ്രവർത്തന മേഖലയിൽ ഉൾക്കൊള്ളിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ചിട്ടുള്ള/സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
# 04.10.2011-ലെ മറുപടിക്ക്

<u>അതിരപ്പിള്ളി വിനോദസഞ്ചാര കേന്ദ്രം</u>

1873 ശ്രീ. ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അതിരപ്പിള്ളി വിനോദസഞ്ചാര കേന്ദ്രത്തിലെ പാർക്കിംഗ് അടക്കമുള്ള അടിസ്ഥാന സൗകര്യങ്ങളിലെ അപര്യാപ്തതകൾ പരിഹരിക്കുന്നതിനായി തയ്യാറാക്കിയ പ്രോജക്ട് നടപ്പാക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടംവരെയായി; അത് എന്ന് നടപ്പാക്കുന്നതിന് സാധിക്കും; വ്യക്തമാക്കാമോ;

(ബി) വാഴച്ചാലിൽ നിന്ന് പറമ്പിക്കുളത്തേക്ക് വനമേഖലയിലൂടെ പാത നിർമ്മിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) ടൂറിസം മേഖലയുടെ വികസനത്തിനുതകുന്ന പ്രസ്തുത പാത യാഥാർത്ഥ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 04.10.2011-ലെ മറുപടിക്ക്

<u>വനമേഖലയുമായി ബന്ധപ്പെട്ട് ടൂറിസം വികസനം</u>

1874 ശ്രീ. റ്റി. യു. കുരുവിള
,, മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാരിസ്ഥിതിക പ്രശ്നങ്ങൾ ഇല്ലാത്തവിധം വനമേഖലയിൽ ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദമാക്കുമോ;

(സി) ഏതെല്ലാം വനമേഖലകളാണ് ഇതിലേയ്ക്ക് തെരഞ്ഞെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) വനമേഖലയുമായി ബന്ധപ്പെട്ട് ടൂറിസം വികസനത്തിന് ഏതെങ്കിലും പുതിയ പദ്ധതികൾ പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
# 04.10.2011-ലെ മറുപടിക്ക്

<u>ചന്ദനതൈല ഉല്പാദനം</u>

1875 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മറയൂരിലെ സർക്കാർ ചന്ദന ഫാക്ടറിയിൽ ഉല്പാദനം ആരംഭിച്ചിട്ടുണ്ടോ; പ്രതിദിനം എത്ര ചന്ദന തൈലം ഉല്പാദിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ബി) ഉല്പാദിപ്പിച്ച ചന്ദനതൈലം ഏതെല്ലാം നിലയിലാണ് വിപണനം നടത്താനുദ്ദേശിക്കുന്നത്; ഏതെല്ലാം സ്ഥാപനങ്ങളെ അതിനായി തെരഞ്ഞെടുത്തിട്ടുണ്ട്; വില നിർണ്ണയിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(സി) പ്രതിവർഷം എത്ര ടൺ ചന്ദനം ഇവിടെ സംസ്ക്കരിക്കൻ സാധ്യമാകുമെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ഫാക്ടറിയിൽ എത്ര ജീവനക്കാരെ ഏതെല്ലാം വ്യവസ്ഥയിൽ നിയമിക്കും; വിശദാംശം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 04.10.2011-ലെ മറുപടിക്ക്

<u>ഒരു വർഷത്തെ കർമ്മപരിപാടി</u>

1876

ശ്രീ. പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒരു വർഷത്തെ വനം കർമ്മ പരിപാടിയ്ക്ക് അംഗീകാരമായിട്ടുണ്ടോ;

(ബി) അതിൽ ഏതെല്ലാം പദ്ധതികളാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് അറിയിക്കാമോ;

(സി) 2003 ലെ നാട്ടാന പരിപാലന ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്തെല്ലാം ഭേദഗതികളാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ ?

# കേരള നിയമസഭ
## 04.10.2011-ലെ മറുപടിക്ക്

<u>പാതയോരങ്ങളിലെ പൂന്തോട്ട നിർമ്മാണം</u>

1877 ശ്രീ. സി. എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യവനവല്ക്കരണ പരിപാടിയിൽപ്പെടുത്തി ഇപ്പോൾ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടക്കുന്നത് ;

(ബി) സാമൂഹ്യവനവല്ക്കരണ പദ്ധതിയിൽ നാടൻ വൃക്ഷത്തൈകൾ വിതരണം നടത്തുന്നുണ്ടോ ;

(സി) പ്രസ്തുത പദ്ധതിപ്രകാരം പാതയോരങ്ങളിൽ പൂന്തോട്ടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 04.10.2011-ലെ മറുപടിക്ക്

<u>കാവുകൾക്ക് ധനസഹായം നൽകുന്ന പദ്ധതി</u>

1878

ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാവുകൾക്ക് ധനസഹായം നൽകുന്ന പദ്ധതി പ്രകാരം എന്തു തുകയാണ് നൽകുന്നത്; അപേക്ഷ സ്വീകരിക്കുന്നത് ആരാണ്;

(ബി) അപേക്ഷ നൽകുമ്പോൾ എന്തെല്ലാം വിവരങ്ങളാണ് നൽകേണ്ടതെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 04.10.2011-ലെ മറുപടിക്ക്

<u>പാമ്പുകടിയേറ്റു മരണമടയുന്നവർക്കുള്ള ധനസഹായം</u>

1879 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാമ്പുകടിയേറ്റ് മരണമടയുന്നവരുടെ കുടുംബത്തിനുള്ള ധനസഹായം എത്രയാണ്; ഈ സർക്കാർ അധികാരമേറ്റശേഷം എത്ര കേസുകളിൽ ധനസഹായം നൽകിയിട്ടുണ്ടെന്നു വ്യക്തമാക്കാമോ;

(ബി) പാമ്പുകടിയേറ്റു മരണമടയുന്നവരുടെ കുടുംബങ്ങൾക്ക് പ്രസ്തുത ധനസഹായതുക ഈ സർക്കാർ അധികാരമേറ്റ ശേഷം വർദ്ധിപ്പിച്ചിട്ടുണ്ടോ;

(സി) ചികിത്സയ്ക്കായി വൻതുക ചെലവിടാൻ കഴിയാതെ വരുന്നതു നിമിത്തം സമയത്ത് ചികിത്സ കിട്ടാതെ പാമ്പുകടിയേറ്റയാൾ മരണമടയുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു പരിഗണിച്ച് സഹായധനം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ധനസഹായത്തിന് അപേക്ഷ നല്കിയവരിൽ എത്ര പേർക്ക് തുക അനുവദിക്കാനുണ്ടെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 04.10.2011-ലെ മറുപടിക്ക്

പാമ്പ് കടിയേറ്റ് മരിച്ച ലക്ഷ്മിയുടെ കുടുംബത്തിനുള്ള ധനസഹായം

1880 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാമ്പ് കടിയേറ്റ് മരിച്ച കായംകുളം മണ്ഡലത്തിൽ കാർത്തികപ്പള്ളി പത്തിയൂർ എരുവ, പുത്തൻകണ്ടത്തിൽ വീട്ടിൽ ലക്ഷ്മിയുടെ ഭർത്താവ് ശ്രീ. ചെല്ലപ്പൻ ധനസഹായത്തിനായി നൽകിയ അപേക്ഷയിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത ധനസഹായം ലഭ്യമാക്കുന്നതിനള്ള സത്വര നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 04.10.2011-ലെ മറുപടിക്ക്

<u>വനം കൈയ്യേറ്റം</u>

1881 ശ്രീ. കെ.കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2001 മുതൽ നാളിതുവരെ ഓരോ വർഷവും എത്ര ഏക്കർ വീതം വനം കൈയ്യേറ്റങ്ങൾ എവിടെയെല്ലാം ഉണ്ടായിട്ടുണ്ട്;

(ബി) ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് എത്ര കോടി രൂപയുടെ വനസമ്പത്ത് നഷ്ടമായിട്ടുണ്ട്; ഓരോന്നും പ്രത്യേകം പ്രത്യേകം വിശദമാക്കാമോ ?

# കേരള നിയമസഭ
# 04.10.2011-ലെ മറുപടിക്ക്

<u>കേരളത്തിലെ കാട്ടുപന്നികൾ</u>

1882 ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യത്തിന്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കേരളത്തിൽ എത്ര കാട്ടുപന്നികൾ ഉണ്ടെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത് ?

# കേരള നിയമസഭ
## 04.10.2011-ലെ മറുപടിക്ക്

<u>പിരപ്പൻകോട് നീന്തൽക്കുളവും, സ്പോർട്സ് അക്കാദമിയും</u>

1883

### ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പിരപ്പൻകോട് നീന്തൽക്കുളത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന ഗുരുതരമായ ആരോപണങ്ങൾ പരിശോധിക്കുകയുണ്ടായോ;

(ബി) എങ്കിൽ കണ്ടെത്തിയ പോരായ്മകളും ധനദുർവിനിയോഗവും എന്തൊക്കെയെന്നു വ്യക്തമാക്കുമോ;

(സി) സ്പോർട്സ് അക്കാദമി നിർമ്മാണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിക്കുകയുണ്ടായോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത രണ്ട് പദ്ധതികളെക്കുറിച്ചും ഉചിതമായ അന്വേഷണത്തിന് ഉത്തരവിടുമോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 04.10.2011-ലെ മറുപടിക്ക്

<u>ആലപ്പുഴ സ്വിമ്മിംഗ് പൂള്‍ പുനരുദ്ധാരണം</u>

1884 ശ്രീ. ജി. സുധാകരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വനവും സ്പോര്‍ട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ആലപ്പുഴ സ്വിമ്മിംഗ് പൂളിന്റെ ശോച്യാവസ്ഥ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; എങ്കില്‍ പുനരുദ്ധരിക്കുവാന്‍ നടപടി സ്വീകരിക്കുമോ;

(ബി) ഇവിടെ നീന്തല്‍ പരിശീലനം നടക്കുന്നുണ്ടോ; ഇല്ലെങ്കില്‍ കാരണമെന്തെന്ന് വ്യക്തമാക്കുമോ;

(സി) നീന്തല്‍ പരിശീലനം പുനരാരംഭിക്കുവാന്‍ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാന്‍ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 04.10.2011-ലെ മറുപടിക്ക്

<u>വയനാട് പുൽപ്പള്ളിയിൽ ആർച്ചറി അക്കാഡമി</u>

1885 ശ്രീ. ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ പുൽപ്പള്ളിയിൽ ആർച്ചറി അക്കാഡമി സ്ഥാപിക്കുന്നതിനായി സൗജന്യമായി കൈമാറിയ സ്ഥലത്ത് അക്കാഡമി സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടി എന്തെന്ന് വ്യക്തമാക്കുമോ;

(ബി) പുൽപ്പള്ളിയിൽ ഇപ്പോൾ പ്രവർത്തിക്കുന്ന ആർച്ചറി സ്പോർട്സ് ഹോസ്റ്റലിലെ സൗകര്യക്കുറവ് പരിഹരിക്കാൻ അക്കാഡമി വകസ്ഥലത്ത് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 04.10.2011-ലെ മറുപടിക്ക്

നീലേശ്വരം ഇ. എം. എസ്. സ്റ്റേഡിയം

1886 ശ്രീ. കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

നീലേശ്വരം ഇ. എം. എസ്. സ്റ്റേഡിയം നിർമ്മാണത്തിന് കഴിഞ്ഞ സർക്കാർ 2 കോടി രൂപ അനുവദിച്ചിരുന്നുവെങ്കിലും നിർമ്മാണ പ്രവർത്തനം നാളിതുവരെയായി ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 04.10.2011-ലെ മറുപടിക്ക്

<u>കിളിമാനൂർ പഴയകുന്നുമ്മേൽ മിനി സ്റ്റേഡിയം</u>

1887 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ, പഴയകുന്നുമ്മേൽ ഗ്രാപഞ്ചായത്തുകളിലെ പ്രൈവറ്റ് ബസ് സ്റ്റാന്റിന് സമീപം മിനി സ്റ്റേഡിയം നിർമ്മിക്കുന്നതിന് ധനസഹായം അനുവദിക്കാമോ ;

(ബി) ദേശീയ ഗെയിംസ് ഫണ്ടിൽ നിന്നും പ്രസ്തുത സംരംഭത്തിന് കൂടി തുക കണ്ടെത്തുവാൻ കഴിയുമോ ;

(സി) അതു സംബന്ധിച്ച് നൽകിയ നിവേദനം പരിഗണനയിലുണ്ടോ ?

# കേരള നിയമസഭ
## 04.10.2011-ലെ മറുപടിക്ക്

<u>കായികതാരങ്ങൾക്കുള്ള അവാർഡു തുക</u>

1888 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ, അന്തർദേശീയ മത്സരങ്ങളിലായി രാജ്യത്തിന് നേട്ടങ്ങൾ സമ്മാനിച്ച കായികതാരങ്ങൾക്ക് സർക്കാർ പ്രഖ്യാപിച്ച ക്യാഷ് അവാർഡുകളിൽ എത്ര തുക കൊടുത്തു തീർക്കാനുണ്ട്;

(ബി) ഏതെല്ലാം കായികതാരങ്ങൾക്ക് എത്ര രൂപ വീതമാണ് നൽകാനുളളത് ;

(സി) പ്രസ്തുത കായികതാരങ്ങളിൽ ഭൂരിഭാഗത്തിന്റെയും സാമ്പത്തിക പിന്നോക്കാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ക്യാഷ് അവാർഡുകൾ കുടിശ്ശിക സഹിതം വിതരണം ചെയ്യുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 04.10.2011-ലെ മറുപടിക്ക്

<u>കളിസ്ഥലം മെച്ചപ്പെടുത്തുന്നതിന് ധനസഹായം</u>

1889 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കളിസ്ഥലം മെച്ചപ്പെടുത്തുന്നതിന് ധനസഹായത്തിനുള്ള എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത അപേക്ഷകളിന്മേൽ എപ്പോഴാണ് തീരുമാനമെടുക്കുന്നതെന്നും പരമാവധി എത്ര രൂപയാണ് ഓരോ അപേക്ഷയ്ക്കും നൽകുന്നതെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 04.10.2011-ലെ മറുപടിക്ക്

<u>പുതിയ സ്പോർട്സ് ഹോസ്റ്റലുകൾ</u>

1890 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതിയ സ്പോർട്സ് ഹോസ്റ്റലുകൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) നിലവിലുള്ള സ്പോർട്സ് ഹോസ്റ്റലുകളുടെ വികസനത്തിനായി എന്തെല്ലാം പദ്ധതികളാണുള്ളത് ?

# കേരള നിയമസഭ
## 04.10.2011-ലെ മറുപടിക്ക്

<u>സ്പോർട്സ് കൗൺസിൽ പ്രവർത്തനം</u>

1891 ശ്രീ. എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്പോർട്സ് കൗൺസിലിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) സ്പോർട്സ് ക്വാട്ടയിൽ നിയമനം നേടുന്നവർ കായികരംഗത്ത് തുടരണമെന്ന വ്യവസ്ഥയിൽ നിയമനം നൽകുന്നകാര്യം പരിഗണിക്കുമോ ;

(സി) സ്പോർട്സ് കൗൺസിൽ മികച്ചകായിക താരങ്ങളെ ഉൾപ്പെടുത്തി പുന:സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) ഗ്രാമീണ തലത്തിൽ ശ്രദ്ധിക്കപ്പെടാതെ പോകുന്ന മികച്ച കായികതാരങ്ങളെ കണ്ടെത്തി പരിശീലനം നൽകുന്നതിന് പദ്ധതി നിലവിലുണ്ടോ ?

# കേരള നിയമസഭ
# 04.10.2011-ലെ മറുപടിക്ക്

<u>സ്പോർട്ട്സ് കൗൺസിലിലെ കൂട്ട പിരിച്ചുവിടൽ</u>

1892 ശ്രീ. എ. കെ. ശശീന്ദ്രൻ
,, തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്പോർട്സ് കൗൺസിലിൽ കൂട്ട പിരിച്ചുവിടൽ നടത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം ഓഫീസുകളിലെ ജീവനക്കാരെയാണ് പിരിച്ചുവിട്ടതെന്ന് വ്യക്തമാക്കുമോ;

(സി) നിയമാനുസൃതം ജോലിയിൽ പ്രവേശിപ്പിച്ചവരെയാണോ പിരിച്ചുവിട്ടതെന്ന് വെളിപ്പെടുത്തുമോ;

(ഡി) ജീവനക്കാരെ പിരിച്ചുവിടാനുള്ള കാരണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 04.10.2011-ലെ മറുപടിക്ക്

<u>ചലച്ചിത്ര അക്കാഡമി</u>

1893 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, വി. പി. സജീന്ദ്രൻ
,, ലൂഡി ലൂയിസ്
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ചലച്ചിത്ര അക്കാഡമിയെ പഠന കേന്ദ്രമാക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ അതിനായി എന്തെല്ലാം ചെയ്യാനുദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) സിനിമയെക്കുറിച്ച് അറിയാൻ ആഗ്രഹിക്കുന്നവർക്ക് ബന്ധപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്ന രീതിയിലുള്ള കേന്ദ്രമാക്കി അക്കാഡമിയെ മാറ്റുമോ ?

# കേരള നിയമസഭ
## 04.10.2011-ലെ മറുപടിക്ക്

<u>സിനിമാനയം</u>

1894 ശ്രീ. ബെന്നി ബെഹനാൻ
,, അൻവർ സാദത്ത്
,, എ. റ്റി. ജോർജ്
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സിനിമ വ്യവസായം നേരിടുന്ന പ്രതിസന്ധികൾ പരിഹരിക്കുവാൻ എന്തെല്ലാം ഹ്യസ്വകാല-ദീർഘകാല പദ്ധതികളാണ് ആസൂത്രണം ചെയ്യുന്നതെന്ന് അറിയിക്കാമോ ;

(ബി) ഈ രംഗത്തെ തൊഴിലാളി സമരങ്ങളും അക്രമണങ്ങളും പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ ;

(സി) സിനിമ നിർമ്മാണ രംഗം സംസ്ഥാനം വിട്ടുപോകാതിരിക്കാൻ ഈ രംഗത്തെ വിവിധ സംഘടനകളുമായി ചർച്ച നടത്തി സിനിമാനയം നടപ്പിലാക്കുന്നത് പരിഗണിക്കുമോ ?

# കേരള നിയമസഭ
## 04.10.2011-ലെ മറുപടിക്ക്

<u>അഭിനയ പരിശീലന കളരികൾ</u>

1895 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യുവ അഭിനയ പ്രതിഭകളെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ കേരള ചലച്ചിത്ര അക്കാദമി എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ അവധിക്കാലങ്ങളിൽ സ്കൂൾ കോളേജ്തലത്തിൽ അഭിനയ പരിശിലനക്കളരികൾ സംഘടിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
# 04.10.2011-ലെ മറുപടിക്ക്

<u>കലാമൂല്യമുള്ള സിനിമകൾ</u>

1896 ശ്രീ. എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കലാമൂല്യമുള്ള സിനിമകൾ ജനങ്ങളിൽ എത്തിക്കുന്നതിന് അവയുടെ സി.ഡി കൾ കുറഞ്ഞ വിലയിൽ ലഭ്യമാക്കുമോ ;

(ബി) നിലവിൽ ഇതിനുള്ള സംവിധാനങ്ങളുണ്ടോ ; വിശദമാക്കുമോ ?